**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്താണ് എന്ന് അറിയിക്കുമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | കാലാവസ്ഥാവ്യതിയാനം രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ മാറ്റം വരുത്തുമെന്നും, സർവ്വോപരി ജനജീവിതത്തെയും പ്രകൃതിയുടെ നിലനിൽപ്പിനെത്തന്നെയും സാരമായി ബാധിക്കുമെന്നുള്ള തിരിച്ചറിവിലൂടെയാണ് കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടുന്നതിനായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത എട്ട് മിഷനുകളിലുൾപ്പെടുത്തി ഗ്രീൻ ഇന്ത്യ മിഷൻ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണം, വനവിസ്തൃതി വർദ്ധനവ്, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രിയുടെ വിപുലീകരണം, തണ്ണീർത്തട സംരക്ഷണം എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. അതോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിലൂടെ വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, കാവ് സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ എന്നിവയും പദ്ധതി ലക്ഷ്യങ്ങളാണ്. നീർത്തടാധിഷ്ഠിത പദ്ധതിയായി വിഭാവനം ചെയ്തതിലൂടെ ദീർഘകാല അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും, നീർമറി പ്രദേശങ്ങളുടെയും സംരക്ഷണവും അതിലൂടെ വനമേഖലയിൽ ഉൾപ്പെടെ വർഷം മുഴുവൻ ജലലഭ്യത ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ തദ്ദേശീയരായ വനാശ്രിതരെ നിയോഗിച്ചു വരുന്നതിലൂടെ അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി സംസ്ഥാനത്തെ 36 വന വികാസ ഏജനൻസികൾ (FDAs) വഴി |

| | | | |
|---|---|---|---|
| | | | സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. ഇപ്രകാരം ലഭിക്കുന്ന ഫണ്ട് വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി വന സംരക്ഷണ സമിതി/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ അംഗീകൃത പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിനിയോഗിക്കുന്നു. തന്മൂലം ആദിവാസികളടക്കമുള്ള വനാശ്രിത സമൂഹത്തിന് തൊഴിൽ ലഭ്യമാക്കുന്നതിനോടൊപ്പം വനവൽക്കരണ-വന സംരക്ഷണപ്രവർത്തികൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനും കഴിയുന്നു. |
| (ബി) | രണ്ട് മഹാപ്രളയമുണ്ടായിട്ടും കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ സഹായിക്കുന്ന ഈ ഫണ്ട് സംസ്ഥാനത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | (ബി) | കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിക്കായി അനുദിച്ചിട്ടുള്ള ഫണ്ട് ഉപകാരപ്രദമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവവൈവിധ്യം, ജല സംരക്ഷണം തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള സമഗ്രമായ ഹരിതവത്ക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി രാജ്യത്ത് നടപ്പാക്കി വരുന്നത്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ യഥാസമയം നടത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും, പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗസർട്ടിഫിക്കറ്റുകൾ ഫീൽഡ് തലത്തിൽ ശേഖരിച്ച് ക്രോഡീകരിച്ച് യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, വരും വർഷത്തേയ്ക്കുള്ള പദ്ധതി അടങ്കൽ സമർപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ